©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

**മൂന്നാമത് റിപ്പോർട്ട്**

(2022 മാർച്ച് മാസം 17 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പൊതുഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ/ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 17 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പൊതുഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ/ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത് ]**

399/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 18 |
| അനുബന്ധം II | .. | 20 |
| അനുബന്ധം III | .. | 25 |
| അനുബന്ധം IV | .. | 26 |
| അനുബന്ധം V | .. | 28 |
| അനുബന്ധം VI | .. | 34 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പി.സി. വിഷ്ണുനാഥ്.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഒ. ആർ കേളു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രി ഡി. ഡി. , ജോയിന്റ് സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2022 മാർച്ച് 15-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി.സി.വിഷ്ണുനാഥ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2022 മാർച്ച് 17.

# ആമുഖം

ഗവൺമെന്റ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം അറിയുവാൻ സഭയ്ക്ക് അവകാശമുണ്ട്. ഇത് സംബന്ധിച്ച രേഖകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും, വകുപ്പുകൾ യഥാസമയം അവ നൽകാതിരിക്കുകയോ, നൽകുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യാറുണ്ട്.

പൊതു ഖജനാവിലെ പണമുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിയമസഭ യോടുള്ള ഉത്തരവാദിത്വം ശരിയായ അർത്ഥത്തിൽ നിറവേറ്റുന്നുണ്ടോ എന്ന് സൂക്ഷ്മപരിശോധന നടത്തുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും ഭാഗമായിട്ടാണ് സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും അതത് സാമ്പത്തികവർഷം അവസാനിച്ച് ഒൻപത് മാസത്തിനകവും എസ്. ആർ. ഒ., വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനകവും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം-166-ൽ നിഷ്കർഷിച്ചിട്ടുള്ളത്. വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആയത് സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം ലഭ്യമാക്കണം. കാലവിളംബം വരുത്തിയാൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസപത്രിക സഹിതം ഒരു മാസത്തിനുള്ളിലോ അല്ലെങ്കിൽ തൊട്ടടുത്ത സഭാ സമ്മേളനത്തിലോ സഭയിൽ സമർപ്പിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു. സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകളും കണക്കുകളും സമർപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ്. എന്നാൽ റിപ്പോർട്ട് സമർപ്പണത്തിലെ വീഴ്ചകൾ പരിഹരിക്കുന്നതിനും സ്ഥാപനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദേശം നൽകുന്നതിലും പല വകുപ്പുകളും ശുഷ്കാന്തി കാണിക്കാറില്ല എന്നത് സമിതി സഗൗരവം വീക്ഷിക്കുന്നു.

1956-ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ കണക്കുകളും റിപ്പോർട്ടുകളും തൊട്ടടുത്ത സാമ്പത്തിക വർഷം സെപ്റ്റംബർ 30-ാം തീയതിക്കകം (ആറുമാസത്തിനുള്ളിൽ) പൂർത്തിയാക്കിയിരിക്കണമെന്നുണ്ട്. സാമ്പത്തിക വർഷാവസാനം കഴിഞ്ഞ് 9 മാസത്തിനുള്ളിൽ, അതത് വർഷം ഡിസംബർ 31-ാം തീയതിക്കു മുമ്പായി കമ്പനികൾ അവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും സഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ പ്രകാരം യഥാസമയം വാർഷിക കണക്കുകളും റിപ്പോർട്ടുകളും പൂർത്തീകരിച്ച് സഭയിൽ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ വളരെ വിരളമാണ്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെയും റിപ്പോർട്ടുകളെ ആധാരമാക്കി വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതെ വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ കുടിശ്ശികകൾ സമിതിയുടെ കർശനമായ നിലപാടിലൂടെ കുറെയേറെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

മുൻ സമിതികളുടെ കാലയളവിൽ റിപ്പോർട്ടുകൾ ഏറെ കുടിശ്ശികയാക്കിയ വകുപ്പുകളിൽ നിന്നും വകുപ്പ് സെക്രട്ടറി, സ്ഥാപനത്തിന്റെ മേധാവികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സമിതി മുമ്പാകെ വിളിച്ചു വരുത്തി നിരവധി തെളിവെടുപ്പ് യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. മുൻ സമിതികളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെയും ജാഗരൂകമായ പ്രവർത്തനത്തിലൂടെയും വിവിധ സർക്കാർ വകുപ്പുകളിൽ വ്യക്തമായ സ്വാധീനം ചെലുത്തുന്നതിനും കുടിശ്ശികയായ ഒട്ടേറെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

# റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166-ൽ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, എസ്.ആർ.ഒ., വിജ്ഞാപനങ്ങൾ തുടങ്ങിയവ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽതന്നെ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വീഴ്ചവരുത്തി യിരുന്നുവെന്ന് സഭയുടെ ശ്രദ്ധയിൽ വരികയും എത്രയുംവേഗം കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് നൽകുകയും ഉണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2021 നവംബർ 29-ാം തീയതി സമിതി വിവിധ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശികയായിട്ടുള്ള റിപ്പോർട്ടുകൾ, എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ എന്നിവയിന്മേൽ ലഭിച്ച കാലതാമസപത്രികകൾ, അധികവിവരം എന്നിവ സംബന്ധിച്ച് പൊതുഭരണ വകുപ്പ് സെക്രട്ടറി, സ്ഥാപനങ്ങളുടെ മേധാവികൾ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2. നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യതയുള്ളതായി വകുപ്പ് അറിയിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ 29-11-2021-ാം തീയതി വരെയുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| 1 | കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡെവലപ്മെന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ (KEXCON) | 2018-19-ലെ ആഡിറ്റ് റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും 5-2-2020-ന് സഭയിൽ സമർപ്പിച്ചു. 2019-20 മുതൽ 2 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് കുടിശ്ശികയുണ്ട്. |
| 2 | കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ | 2017-18-ലെ വാർഷിക റിപ്പോർട്ട് 28-10-2021-ന് സഭയിൽ സമർപ്പിച്ചു. 2018-19 മുതൽ 3 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയുണ്ട്. |
| 3 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു. 2015-16 മുതൽ 6 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയുണ്ട്. |

| (1) | (2) | (3) |
|---|---|---|
| 4 | മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ | സ്പെഷ്യൽ റിപ്പോർട്ട് മാത്രം. |
| 5 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2019-20-ലെ വാർഷിക റിപ്പോർട്ട് 13-1-2021-ന് സഭയിൽ സമർപ്പിച്ചു. |
| 6 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് & കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി | നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| 7 | കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15-ലെ വാർഷിക റിപ്പോർട്ട് 30-1-2019-ന് സഭയിൽ സമർപ്പിച്ചു. 2015-16 മുതൽ 6 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയുണ്ട്. |
| 8 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2017-18-ലെ വാർഷിക റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിച്ചു. 2018-19 മുതൽ 3 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയുണ്ട് |

1. **കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ (KEXCON)**

3. വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും വികസനത്തിനും പുനരധിവാസത്തിനുമായി 14-12-1995-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Ms.)588/95/GAD പ്രകാരം പൊതുഭരണ (സൈനികക്ഷേമ) വകുപ്പിന്റെ കീഴിൽ 2001 ഡിസംബർ 3-ന് സ്ഥാപിതമായ കേരള സർക്കാരിന്റെ പൂർണ അധീനതയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് ('കെക്സ്കോൺ'). 1956-ലെ കമ്പനീസ് ആക്റ്റ് സെക്ഷൻ 2(35), 3 (1) പ്രകാരം ഇത് ഒരു സ്വകാര്യകമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എങ്കിലും കേരള സർക്കാർ അമ്പത് ലക്ഷം രൂപ പ്രാരംഭ മൂലധന നിക്ഷേപം നടത്തിയതിനാൽ, കെക്സ്കോൺ സെക്ഷൻ 617 പ്രകാരം ഒരു സർക്കാർ കമ്പനിയായും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ കേരളത്തിലെ പൊതുമേഖല സംരംഭങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ അവലോകനപ്രകാരം സംസ്ഥാനത്തെ ക്ഷേമകോർപ്പറേഷനുകളിൽ കെക്സ്കോൺ ഒന്നാം സ്ഥാനത്തും ആദായകരമായി പ്രവർത്തിക്കുന്ന പത്ത് സർക്കാർ സ്ഥാപനങ്ങളിൽ ഒന്നുമാണ്.

4. കമ്പനീസ് ആക്ട് 1956 പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 619A പ്രകാരം വാർഷിക റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവ എ.ജി.-യുടെ കമന്റ്സ് ഉൾപ്പെടെ ആന്വൽ ജനറൽ മീറ്റിംഗ് അംഗീകരിച്ച് മൂന്ന് മാസത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

5. കെക്സ്കോണിന്റെ 2014-15 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തതിന്റേയും 2014-15, 2015-16 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാതെ 2016-17 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയതിന്റേയും വിശദാംശങ്ങൾ വ്യക്തമാക്കാൻ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2019-20-ലെ ഓഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ടെന്നും, 2019-20 വരെയുള്ള ഭരണ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഭരണ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീട് വാർഷിക റിപ്പോർട്ട് പ്രത്യേകമായി സമർപ്പിക്കേണ്ടതില്ലെന്ന തെറ്റിദ്ധാരണമൂലമാണ് 2013-14-നുശേഷം വാർഷിക റിപ്പോർട്ട് പ്രത്യേകമായി സമർപ്പിക്കാതിരുന്നതെന്നും പ്രസ്തുത റിപ്പോർട്ടുകൾ കൺസോളിഡേറ്റ് ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്നതാണെന്നും 2014-15 മുതലുള്ള വാർഷിക റിപ്പോർട്ടുകളും 2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 30 ദിവസത്തിനകം സമർപ്പിക്കുന്നതാണെന്നും സൈനികക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

6. KEXCON-മായി ബന്ധപ്പെട്ട എല്ലാ കുടിശ്ശിക റിപ്പോർട്ടുകളും 30 ദിവസത്തിനകം സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന തെളിവെടുപ്പ് വേളയിലെ സമിതി നിർദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ 2014-15 മുതൽ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടുകളും 2014-15, 2015-16, 2019-20, 2020-21 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

7. കുടിശ്ശിക തീർപ്പാക്കുന്നതോടൊപ്പം സമയക്രമംകൂടി കൃത്യമായി പാലിച്ചാൽ വരുംവർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശിക ഇല്ലാതെ ലഭ്യമാക്കാൻ സാധിക്കുമെന്നും അതുവഴി ആദായകരമായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ പട്ടികയിൽ കെക്സ്കോണിന് ഒന്നാം സ്ഥാനം കൈവരിക്കാൻ സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

8. കാലതാമസപത്രിക സമർപ്പിക്കുന്നതിൽ ലാഘവത്തോടുകൂടിയ സമീപനം സ്വീകരിക്കുന്നതായും കാലതാമസപത്രികകളിൽ പലതിലും ഒരേരീതിയിലുള്ള കാരണമാണ് രേഖപ്പെടുത്തുന്നതെന്നും പലതും ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള

മാതൃകയിലല്ല നൽകുന്നതെന്നും സമിതി കണ്ടെത്തുകയും അവ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമുള്ള മാതൃകയിലാക്കാനും കോവിഡ് തരംഗത്തിന് മുമ്പുള്ള വർഷങ്ങളിലുൾപ്പെടെ കോവിഡ് കാരണമാണ് റിപ്പോർട്ട് സമർപ്പിക്കാൻ വൈകിയതെന്ന ഒരേ ഉത്തരം തന്നെ ആവർത്തിച്ചുനൽകുന്ന നടപടി ഒഴിവാക്കാൻ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. പ്രസിദ്ധീകരിച്ച ചട്ടങ്ങൾ കാലതാമസം വരുത്താതെ സഭയുടെ മേശപ്പുറത്തു വയ്ക്കാൻ ലഭ്യമാക്കുന്ന വകുപ്പിന്റെ നടപടിയിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും ഇതേ രീതി പിൻതുടരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 2. കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

10. വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 15(1) പ്രകാരമാണ് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ രൂപീകരിച്ചത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്മീഷൻ സ്വയംഭരണാധികാരമുള്ളതും കമ്മീഷനിൽ സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറും അഞ്ച് സംസ്ഥാന വിവരാവകാശ കമ്മീഷണർമാരും ഉൾപ്പെടുന്നു.

11. വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 25(1), 25(4) എന്നിവയിൽ വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

"25. (1) The Central Information Commission or State Information Commission, as the case may be, shall, as soon as practicable after the end of each year, prepare a report on the implementation of the provisions of this Act during that year and forward a copy thereof to the appropriate Government.

(4) The Central Government or the State Government, as the case may be, may, as soon as practicable after the end of each year, cause a copy of the report of the Central Information Commission or the State Information Commission, as the case may be, referred to in sub-section (1) to be laid before each House of Parliament or, as the case may be, before each House of the State Legislature, where there are two Houses, and where there is one House of the State Legislature before that House. "

12. കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് 12-10-2021- ന് സഭയിൽ ഉന്നയിച്ച ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട സ്പീക്കർ 25-10-2021-ന് നൽകിയ റൂളിംഗിന്റെ

അടിസ്ഥാനത്തിൽ വകുപ്പ് എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിൽ കുടിശ്ശികയുണ്ടാകുവാനിടയാക്കിയ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2018-19 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ടെന്നും വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ അവ ക്രോഡീകരിച്ച് വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളുവെന്നും കാലതാമസമുണ്ടാകാത്ത രീതിയിൽ വിവരാവകാശ കമ്മീഷൻ ആക്ട് പ്രകാരമുള്ള റിപ്പോർട്ടുകൾ കമ്മീഷന് അയച്ചുതരണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനുശേഷം ചീഫ് സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് 2020-21 വരെയുള്ള എല്ലാ റിപ്പോർട്ടുകളും ഈ വർഷം തന്നെ പൂർത്തിയാക്കണമെന്ന് എല്ലാ കോർപ്പറേഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രണ്ട് വർഷത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്രാന്റ് അനുവദിക്കേണ്ടതില്ലെന്നും അത്തരം സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ പിന്നീട് മറ്റ് സ്ഥാപനങ്ങളിൽ നിയമിക്കില്ലെന്നും എ.ജി.-യുമായി സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ ഒരുമിച്ച് ഓഡിറ്റ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ടെന്ന് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

13. 2018-19 മുതലുള്ള 3 വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശിക തീർത്ത് സഭയിൽ സമർപ്പിക്കുന്നതിന് എത്രസമയം വേണ്ടിവരുമെന്ന് സമിതി ആരാഞ്ഞതിന് 2022 ജനുവരി 31-നകം പൂർത്തിയാക്കുന്നതാണെന്ന് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

14. കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് സമിതി വളരെ ഗൗരവമായാണ് കാണുന്നതെന്ന് നിരീക്ഷിച്ച സമിതി 2018-19 മുതലുള്ള 3 വർഷത്തെ കുടിശ്ശിക തീർത്തുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

### 3. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

15. കേരള ജനസംഖ്യയിൽ 26 ശതമാനത്തിലധികം വരുന്ന മുന്നാക്ക സമുദായങ്ങളിലെ വലിയൊരു വിഭാഗം സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിൽപ്പെടുന്നവരും അതുമൂലമുള്ള അവശതകൾ അനുഭവിക്കുന്നവരുമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംവരണാനുകൂല്യങ്ങളിൽപ്പെടാത്തവരും സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെ പിന്നാക്കാവസ്ഥ മൂലം സാമൂഹ്യമായി പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നവരുമായ ഒരു വലിയ ജനവിഭാഗത്തെ, ജാതിമത ചിന്തകളുടെ അതിർ വരമ്പുകൾ ഇല്ലാതെ, സമൂഹത്തിന്റെ

മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവയ്പാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ തന്നെ ഇദംപ്രഥമമായി കേരളത്തിൽ 2012 നവംബർ 8-ന് പ്രവർത്തനമാരംഭിച്ച `സമുന്നതി' എന്ന പേരിലറിയപ്പെടുന്ന കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്.

16. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് 1956-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കമ്പനീസ് ആക്ടിലെ സെക്ഷൻ 619A പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കി സി&എ.ജി.-ക്ക് നൽകുമ്പോൾ അവർ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കുകയും അവർ നൽകുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ കമന്റ്സോടെ ആന്വൽ ജനറൽ ബോഡി മീറ്റിംഗ് കൂടി പാസ്സാക്കുകയും ചെയ്താൽ മാത്രമേ നിയമസഭയിൽ സമർപ്പിക്കാൻ കഴിയുകയുള്ളൂവെന്നും അതിന് കുറച്ച് കാലതാമസമുണ്ടാകുന്നുണ്ടുവെന്നും ഇത് വളരെ ഗൗരവമായാണ് ഗവൺമെന്റ് എടുത്തിട്ടുള്ളതെന്നും കോർപ്പറേഷന്റെ 2015-16 മുതലുള്ള വാർഷിക റിപ്പോർട്ട് കുടിശ്ശികയുള്ളത് ഒരുമിച്ച് ഈ വർഷംതന്നെ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

17. 2014-15-ലെ വാർഷിക റിപ്പോർട്ട് 24-8-2020-ൽ സഭയിൽ സമർപ്പിച്ചതിനുശേഷം നാളിതുവരെ യാതൊരു റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലെന്നും 2015-16 മുതൽ 6 വർഷത്തെ വാർഷിക റിപ്പോർട്ട് കുടിശ്ശികയുണ്ടെന്നും റിപ്പോർട്ടുകൾ ഇത്രയധികം കുടിശ്ശിക ഉണ്ടാകുവാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് ഈ സ്ഥാപനത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ഭരണപരമായ ചില പ്രശ്നങ്ങളുണ്ടായതിനാൽ കുറച്ച് കുടിശ്ശിക വന്നിട്ടുണ്ടെന്നും കഴിഞ്ഞ വർഷമാണ് കമ്പനി സെക്രട്ടറിയെ നിയമിച്ചതെന്നും അതുകൊണ്ട് ശരിയായ രീതിയിൽ ഫോളോഅപ് നടത്താൻ കഴിഞ്ഞിരുന്നില്ലെന്നും ഓഡിറ്റ് കുടിശ്ശിക പൂർത്തിയാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്നും കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

18. 2015-16 മുതലുള്ള ആറ് വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോയെന്നും പ്രസ്തുത വർഷത്തെ റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് സഭയിൽ സമർപ്പിക്കാൻ സാധിക്കുമെന്നും തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് 2019-20 വരെയുള്ള ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും 2020-21-ലെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുന്നുവെന്നും

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടാണ് നിയമസഭയിൽ സമർപ്പിക്കേണ്ടതെന്നും 2018-19 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കാനാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ സി&എ.ജി. നിയമിച്ചിരിക്കുന്നതെന്നും അത് പൂർത്തിയാക്കി റിപ്പോർട്ട് നൽകിയാൽ മാത്രമേ അടുത്ത സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കുകയുള്ളൂവെന്നും 2018-19 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി 2022 മാർച്ച് 31-നുമുമ്പ് സമർപ്പിക്കുന്നതിന് ഒരു വിട്ടുവീഴ്ചയുമില്ലാത്ത സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നും എം.ഡി. കൂട്ടിച്ചേർത്തു. 2015-16-ലെ ഓഡിറ്റ് പൂർത്തിയാക്കി സി&എ.ജി.-ക്ക് നൽകിക്കഴിഞ്ഞുവെന്നും അത് ഒരു മാസത്തിനകവും 2016-17 മുതൽ 2018-19 വരെയുള്ള റിപ്പോർട്ടുകൾ 2022 മാർച്ച് 31-നുമുമ്പ് നിയമസഭയ്ക്ക് സമർപ്പിക്കുന്നതാണെന്നും അതിനുശേഷം മാത്രമേ 2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് നടത്താൻ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കാനായി സി&എ.ജി.-യോട് അഭ്യർത്ഥിക്കാൻ കഴിയുകയുള്ളൂവെന്നും 2018-19 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററിനായി ചുമതലപ്പെടുത്തിയിരുന്ന സ്ഥാപനം അടച്ചുപൂട്ടുകയുണ്ടായെന്നും അത് വലിയൊരു പ്രതിസന്ധിയുണ്ടാക്കിയെന്നും അതിനുശേഷം പുതിയ ഓഡിറ്ററെ നിയമിച്ച് ഓഡിറ്റ് നടത്തുന്നുവെന്നും അവർ കൃത്യമായി ഫോളോഅപ് ചെയ്യുന്നുണ്ടുവെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

19. സമിതിക്ക് ഉറപ്പ് നൽകിയതുപ്രകാരം 2015-16 മുതൽ 2018-19 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും മാർച്ച് മാസത്തിനുമുമ്പ് പൂർത്തിയാക്കി സഭയിൽ സമർപ്പിക്കണമെന്നും 2019-20, 2020-21 വർഷങ്ങളിലെ റിപ്പോർട്ടുകൾ ജൂൺ മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു .

20. സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ ഉള്ളടക്കവും പുറംചട്ടയിലെ രേഖപ്പെടുത്തലുകളും ഒന്നുതന്നെയായിരിക്കണമെന്നും വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും അപ്രകാരം അല്ലെങ്കിൽ ആഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു .

## 4. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ

21. 2015-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് (2016-ലെ 2-ാം നമ്പർ ആക്ട്) പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. 24-2-2016-ൽ ആദ്യ കമ്മീഷൻ നിലവിൽ വന്നു.

22. 2015-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടിലെ (2016-ലെ 2-ാം നമ്പർ ആക്ട്) സെക്ഷൻ 16, 17, 18 എന്നിവ പ്രകാരം ആഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും പ്രത്യേകം സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ വാർഷിക ആഡിറ്റ് റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2017 ഡിസംബറിലാണ് കമ്മീഷന്റെ ഓഫീസ് പ്രവർത്തനമാരംഭിച്ചതെന്നും വാർഷിക റിപ്പോർട്ടിന്റെ ഒരു കോപ്പി ഗവൺമെന്റിലേയ്ക്ക് നൽകിയാൽ മതിയെന്നും ഓഡിറ്റ് റിപ്പോർട്ട് മാത്രം നിയമസഭയിൽ സമർപ്പിച്ചാൽ മതിയെന്നാണ് ആക്ടിൽ പറയുന്നതെന്നും ഇതുവരെയുള്ള വാർഷിക റിപ്പോർട്ട് സർക്കാരിൽ നൽകിയിട്ടുണ്ടെന്നും 2018 മുതൽ സി&എ.ജി.-ക്ക് നിരന്തരം കത്തയച്ചിട്ടും ഓഡിറ്ററെ നിയമിച്ചിട്ടില്ലെന്നും ഓഡിറ്റ് നടക്കാത്തതിനാലാണ് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാതിരുന്നതെന്നും സ്പെഷ്യൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

23. സഭയിൽ സ്പെഷ്യൽ റിപ്പോർട്ടുമാത്രം സമർപ്പിക്കണമെന്നാണ് കമ്മീഷൻ കരുതിയിരുന്നതെന്നും വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്നുള്ളത് അറിയില്ലായിരുന്നുവെന്നും പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചതിനെ തുടർന്ന് വാർഷിക ഓഡിറ്റ് റിപ്പോർട്ടും സ്പെഷ്യൽ റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടത് സംബന്ധിച്ച് നിരവധിതവണ ചീഫ് സെക്രട്ടറി തലത്തിൽ വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടെന്ന് മാത്രമല്ല പ്രസ്തുത യോഗതീരുമാനത്തിന്റെ വിശദമായ സർക്കുലർ എല്ലാ വകുപ്പ് മേധാവികൾക്കും ഗവൺമെന്റിൽനിന്നുതന്നെ പുറപ്പെടുവിച്ചിട്ടുമുണ്ടെന്നും അതുകൊണ്ടുതന്നെ പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കണമെന്ന് അറിയില്ലായിരുന്നുവെന്ന് പറയുന്നത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

24. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി പ്രകാരം, ഗവൺമെന്റിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ അതത് ആക്ടിലോ ചട്ടങ്ങളിലോ മറ്റ് വിധത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിലും വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

25. സി&എ.ജി.-ക്ക് നിരന്തരം കത്തുകളയച്ചിട്ടും ഓഡിറ്ററെ നിയമിക്കാത്തതുകൊണ്ട് നേരിട്ട് അന്വേഷണം നടത്തിയതിൽ, കമ്മീഷന് നോൺ പ്ലാൻ ഫണ്ട് മാത്രമേയുള്ളൂവെന്നും, അതിലും കൂടുതൽ പ്ലാൻ ഫണ്ടുള്ള ഓഫീസുകൾ ആഡിറ്റ് നടത്താനുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്ന് മെമ്പർ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചപ്പോൾ സി&എ.ജി. ഓഡിറ്റിംഗ് നടക്കാത്തതുകൊണ്ട് പ്രസ്തുത കമ്മീഷനുകളുടെ വാർഷിക റിപ്പോർട്ടുകളടക്കം നിയമസഭയിൽ സമർപ്പിക്കാൻ സാധിക്കുന്നില്ലെന്ന് കാണിച്ചുകൊണ്ടും തെളിവെടുപ്പ് യോഗത്തിന്റെ പശ്ചാത്തലം സൂചിപ്പിച്ചുകൊണ്ടും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ സി&എ.ജി-യ്ക്ക് കത്തയയ്ക്കണമെന്ന് സമിതി നിർദ്ദേശം നൽകിയിരുന്നു. റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് കൃത്യമായ ഒരു സമയപരിധി പറയാൻ സമിതി ആവശ്യപ്പെട്ടതിന് സി&എ.ജി.-യുടെ മറുപടി ലഭിച്ചാൽ മാത്രമേ കൃത്യമായ തീയതി പറയാൻ സാധിക്കൂവെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

26. 2015-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാനകമ്മീഷൻ ആക്ടിലെ (2016-ലെ 2-ാം നമ്പർ ആക്ട്) സെക്ഷൻ 16 താഴെപ്പറയും പ്രകാരമാണ്.

"16. <u>കണക്കുകളും ആഡിറ്റും-</u> (1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റെക്കോർഡുകളും സൂക്ഷിക്കേണ്ടതും നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ ഇതിലേക്കായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ചുമതലപ്പെടുത്തിയ ഓഡിറ്റർ വർഷംതോറും ഓഡിറ്റ് ചെയ്യേണ്ടതാണ്.

(3) ഓഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റിക്കാർഡുകളും ഓഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്. "

കമ്മീഷന്റെ കണക്കുകൾ സി&എ.ജി. ചുമതലപ്പെടുത്തിയ ഓഡിറ്റർ വർഷംതോറും ഓഡിറ്റ് ചെയ്യണമെന്ന് ആക്ടിൽത്തന്നെ വ്യക്തമാക്കിയതിനാൽ ഓഡിറ്റ് ചെയ്യില്ലെന്ന നിലപാടെടുക്കാൻ സി&എ.ജി.-ക്ക് സാധിക്കില്ലെന്നും സി&എ.ജി ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയമപരമായിത്തന്നെ ചുമതലയുണ്ടെന്ന ആക്ടിലെ നിബന്ധന ഉദ്ധരിച്ച് സി&എ.ജി.-ക്ക് കത്ത് അയയ്ക്കണമെന്നും അതിന് ലഭ്യമാകുന്ന രേഖാമൂലമുള്ള മറുപടിയും ഓഡിറ്റ് സംബന്ധിച്ച കമ്മീഷന്റെ തീരുമാനവും അതിന്റെ തീയതിയും ഒരു മാസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശം നൽകിയിരുന്നു.

27. കമ്മീഷന്റെ കണക്കുകൾ സി&എ.ജി. തന്നെ ഓഡിറ്റ് ചെയ്യണമെന്ന ആക്ടിലെ നിബന്ധന ഉദ്ധരിച്ചുകൊണ്ട് സി&എ.ജി.-ക്ക് അയയ്ക്കുന്ന കത്തിന് ലഭ്യമാകുന്ന രേഖാമൂലമുള്ള മറുപടിയും അതനുസരിച്ച് ഓരോ വർഷത്തേയും ഓഡിറ്റ് ഏതേത് തീയതികളിൽ പൂർത്തിയാക്കി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുമെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റും തയ്യാറാക്കി സമിതിക്ക് അടിയന്തരമായി ലഭ്യമാക്കണമെന്നും അതിൻപ്രകാരം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതായി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ കമ്മീഷൻ രൂപീകൃതമായ വർഷം മുതലുള്ള വാർഷിക റിപ്പോർട്ടുകൾ മാർച്ച് മാസത്തിനുമുമ്പായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**5. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ**

29. കേരള ഗവർണർ പുറപ്പെടുവിച്ച 2013-ലെ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ മൈനോറിറ്റീസ് ഓർഡിനൻസ് വഴി കേരള സർക്കാർ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുകയും 10-6-2013-ന് കമ്മീഷൻ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്- 2014 (2014-ലെ 5-ാം നമ്പർ ആക്റ്റ്), 2014 ഫെബ്രുവരി 13-ന് നിലവിൽ വന്നു. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതി, ക്ഷേമം, സംരക്ഷണം, ശാക്തീകരണം എന്നിവയ്ക്കായാണ് കമ്മീഷൻ രൂപീകരിച്ചത്.

30. THE KERALA STATE COMMISSION FOR MINORITIES ACT,2OI4- ലെ Section 16, 17, 18 എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും പ്രത്യേകം സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

"16. Accounts and Audit.—(1) The Commission shall maintain proper accounts and other relevant records and prepare an annual statement of accounts in such form as may be prescribed.

(2) The accounts of the Commission shall be audited annually by the auditor entrusted by the Comptoller and Auditor General in this behalf.

(3) All the accounts and other records of the Commission shall be made available to the auditor for the purpose of the audit.

17. Audit report to be laid before the Legislature.—The Government shall cause the audit reports to be laid, as soon as may be after they are received, before the Legislative Assembly.

18. Annual Report.—The Commission shall, for each financial year, prepare annual report giving complete information of its activities in the previous financial year in the prescribed form and time and shall also forward a copy of it to the Government directly.

31. അപ്രകാരം ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും പ്രത്യേകം സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ നാളിതുവരെ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നും സമിതി തെളിവെടുപ്പ് വേളയിൽ ആരാഞ്ഞതിന്, കമ്മീഷൻ രൂപീകൃതമായ 2014 മുതലുള്ള എല്ലാ വാർഷിക റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2020-21-ലെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും, 30-11-2020 വരെയുള്ള ഓഡിറ്റ് പൂർത്തീകരിക്കുകയും 1-12-2020 മുതൽ 31-3-2021 വരെയുള്ള കണക്കുകൾകൂടി ഓഡിറ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് 14-9-2021-നുതന്നെ എ.ജി.-യ്ക്ക് കത്തയച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിലേതുമാത്രമേ ഓഡിറ്റ് ചെയ്യാൻ ബാക്കിയുള്ളൂവെന്നും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

32. കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുന്ന രീതിയിൽ സമിതി അഭിനന്ദനം അറിയിക്കുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും മറ്റ് സ്ഥാപനങ്ങൾ ഈ മാതൃക പിന്തുടരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

33. സി&എജി-യുടെ ഓഡിറ്റ് പൂർത്തീകരിച്ച 2019-20 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മാർച്ച് മാസത്തിനു മുമ്പായും 2020-21-ലേത് ഓഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെതന്നെയും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും കാലതാമസം വരുത്താതെ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന രീതിയിൽത്തന്നെ തുടർന്നുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

34. ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ സെക്ഷൻ 9(e) പ്രകാരം സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് തെളിവെടുപ്പ് വേളയിൽ ആരാഞ്ഞതിന് കേരളത്തിലെ ന്യൂനപക്ഷ സമൂഹങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പഠന റിപ്പോർട്ടും കമ്മീഷന്റെ ശിപാർശകളും ന്യൂനപക്ഷ വിഭാഗമായ ക്രിസ്തുമതത്തിൽപ്പെട്ട സി.എസ്.ഐ, പെന്തക്കോസ്ത് വിഭാഗങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി കാര്യവട്ടത്തെ സോഷ്യോളജി ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ഒരു പഠന റിപ്പോർട്ടും കമ്മീഷന്റെ ശിപാർശകളും, ഉൾപ്പെടുത്തി പുസ്തകമായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് മെമ്പർ സെക്രട്ടറി മറുപടി നൽകിയിരുന്നു.

35. സ്പെഷ്യൽ റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുൾപ്പെടെയാണ് നിയമസഭയിൽ സമർപ്പിക്കേണ്ടതെന്നും പരിശോധിച്ചതിനുശേഷം ആക്ഷൻ ടേക്കൺ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നല്കിയിരുന്നു.

36.നിയമസഭയുടെ അവകാശങ്ങളും നടപടികളുടെ സുതാര്യതയും സംരക്ഷിക്കാൻ വേണ്ടിയാണ് നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ചട്ടം 166 ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്ന കാര്യങ്ങളെല്ലാംതന്നെ സാമാജികരുടെ അറിവിലേയ്ക്കും വരേണ്ടതാണെന്നും നിർദ്ദിഷ്ട നിയമസഭാ സമിതിയിൽ അംഗങ്ങളല്ലാത്ത ബാക്കി നിയമസഭാ സാമാജികരെക്കൂടി പ്രതിനിധീകരിച്ചുകൊണ്ടാണ് ഓരോ സമിതിയും പ്രവർത്തിക്കുന്നതെന്നും സമിതിയ്ക്ക് ഉറപ്പ് നൽകിയ പ്രകാരം ഗവൺമെന്റിന് ലഭിച്ച സ്പെഷ്യൽ റിപ്പോർട്ടുകൾ കമ്മീഷന്റെ ആക്ടിലെ സെക്ഷൻ 9(e) പ്രകാരം ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം എത്രയുംവേഗം നിയമസഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

37.കമ്മീഷന്റെ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ടുകളാണ് സഭയിൽ സമർപ്പിക്കുന്നതെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും എന്ന് പ്രത്യേകമായി രേഖപ്പെടുത്തണമെന്നും അല്ലെങ്കിൽ അവ പ്രത്യേകമായിത്തന്നെ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## 6. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് & കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

38.ന്യൂനപക്ഷ കമ്മീഷന്റെ ഭരണകാലയളവിനിടയ്ക്ക് പുതിയ രണ്ട് സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും അതിലൊന്ന് കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡും മറ്റൊന്ന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുമാണെന്നും ഈ രണ്ട് സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ ലഭ്യമാക്കിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ പുതിയതായി വന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി സഭ അറിയുന്നില്ലെന്നും തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടി.

39.പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളുടെ വിശദാംശം സമിതി ആരാഞ്ഞതിന് കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ട്- 2019 പ്രകാരമാണ് കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകൃതമായതെന്നും 2002 -ലെ ഹജ്ജ് കമ്മിറ്റി ആക്ട് (സെൻട്രൽ ആക്ട്) പ്രകാരമാണ് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി രൂപീകൃതമായതെന്നും ഈ രണ്ട് സ്ഥാപനങ്ങൾക്കും കുടിശ്ശികയില്ലെന്നാണ് സർക്കാരിനെ അറിയിച്ചിരിക്കുന്നതെന്നും പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

40. 2020-21 വരെയുള്ള റിപ്പോർട്ടുകൾ നിയമസഭയിൽ ലഭ്യമാക്കിയെന്ന കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെയും കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റേയും മറുപടി തെറ്റാണെന്നും അത്തരമൊരു റിപ്പോർട്ട് സഭയിൽ വന്നിട്ടില്ലെന്നും നിയമസഭയെ

തെറ്റിദ്ധരിപ്പിക്കുന്നത് വളരെ ഗുരുതരമായ കാര്യമാണെന്നും സമിതി അഭിപ്രായപ്പെടുകയും പുതുതായി രൂപീകൃതമായ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനത്തെപ്പറ്റി നിയമസഭയെയോ സമിതിയെയോ വകുപ്പ് അറിയിച്ചിട്ടില്ലെന്നുള്ള കാര്യം ഗൗരവമായി കാണണമെന്നും മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങളുടെയും രൂപീകൃതമായ വർഷം മുതലുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. നിയമസഭയിലേയ്ക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പിനാണ് റിപ്പോർട്ട് നൽകിയതെന്ന് കേരള മദ്രസ്സാദ്ധ്യാപക ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു.

41. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ടിലെ സെക്ഷൻ 22, 23 എന്നിവ പ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ഭരണ വകുപ്പിന് നൽകുന്ന റിപ്പോർട്ട് നിയമസഭയിലേയ്ക്ക് സമർപ്പിക്കുന്നതിനായി ലഭ്യമാക്കാത്തതിനുള്ള കാരണവും തെളിവെടുപ്പ് വേളയിൽ സമിതി നൽകിയ നിർദ്ദേശം പാലിക്കാതിരുന്നതിനുള്ള കാരണവും എന്താണെന്ന് സമിതിയെ അറിയിക്കണമെന്നും <u>കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ രൂപീകൃതമായ വർഷം മുതലുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.</u>

42. 2002 -ലെ ഹജ്ജ് കമ്മിറ്റി ആക്ട് (സെൻട്രൽ ആക്ട്) സെക്ഷൻ 34 പ്രകാരം കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ <u>രൂപീകൃതമായ വർഷം മുതലുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.</u>

## 7. കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്

43. ന്യൂനപക്ഷ സമുദായങ്ങളിലെ അംഗങ്ങളുടെ സാമ്പത്തികവും വികസനപരവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിൽ 2013 ഫെബ്രുവരി 14-ന് നിലവിൽ വന്ന ഒരു കേരള സർക്കാർ കമ്പനിയാണ് കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KSMDFC) ലിമിറ്റഡ്.

44. സ്ഥാപനത്തിന്റെ റിപ്പോർട്ടുകളുടെ നിലവിലെ അവസ്ഥയെന്താണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2016-17, 2017-18 വർഷങ്ങളിലെ സി&എ.ജി.-യുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും ധനകാര്യ വകുപ്പിന്റെ കമന്റ്സോടെ ആന്വൽ

ജനറൽ ബോഡി മീറ്റിംഗിൽ പാസ്സാക്കിയശേഷം അവ സഭയിൽ സമർപ്പിക്കുന്നതാണെന്നും 2018-19, 2019-20, 2020-21 വർഷങ്ങളിലെ കണക്കുകൾ ഡിസംബർ 31-ന് മുമ്പ് പൂർത്തീകരിച്ച് സി&എ.ജി.-ക്ക് സമർപ്പിക്കുന്നതാണെന്നും കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള നടപടിക്രമങ്ങൾ ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണെന്നും ഓഡിറ്റിംഗ് കൃത്യമായി പൂർത്തീകരിക്കാതെ വന്നാൽ മാനേജിംഗ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമെന്നതിനാൽ കോർപ്പറേഷന്റെ ഭാഗം അപ്-ടു-ഡേറ്റ് ആക്കുന്നതാണെന്നും എന്നാൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ആറ് മാസത്തോളം സമയം വേണ്ടിവരുമെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

45. Companies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും പ്രത്യേകം സഭയിൽ സമർപ്പിക്കണമെന്നാണ് വ്യവസ്ഥയെന്നും എന്നാൽ വാർഷിക റിപ്പോർട്ടുകൾക്കു പുറമേ 2013-14 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 2014-15-വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും വാർഷിക റിപ്പോർട്ട് എന്ന് രേഖപ്പെടുത്തി ബുക്ക് രൂപത്തിലാണ് നൽകിയിട്ടുള്ളതെന്നും അതിൽ അക്കൗണ്ട്സ് കൂടാതെ ഓഡിറ്ററുടെ റിപ്പോർട്ട്, എ.ജി.-യുടെ റിപ്പോർട്ട്, ഫിനാൻസിന്റെ കമന്റ്സ് തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ മറുപടി അറിയിച്ചു.

46. <u>വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും തുടർന്ന് ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ പുറംചട്ടയിലെ രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.</u>

46. 2015-16 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശിക തീർത്ത് സഭയിൽ സമർപ്പിക്കാൻ എത്ര സമയം വേണ്ടിവരുമെന്ന് സമിതി ആരാഞ്ഞതിന് 2015-16 വരെയുള്ള റിപ്പോർട്ടുകൾ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും അത് സഭമുമ്പാകെ ഉടൻ സമർപ്പിക്കുന്നതാണെന്നും, 2017-18 വരെയുള്ളത് പൂർത്തിയാക്കുന്നതിന് രണ്ടുമാസം വേണ്ടിവരുമെന്നും, 2019-20, 2020-21-ലെ കണക്കുകൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ റിപ്പോർട്ട് നൽകണമെന്നും അവരുടെ റിപ്പോർട്ട് ഡിസംബർ 31-നകം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഡിസംബറിൽ ലഭ്യമായാൽ ധനകാര്യ വകുപ്പിന്റെ കമന്റ്സും വാങ്ങി 6 മാസത്തിനകം ലഭ്യമാക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി.

48. <u>സർക്കാരിന് ലഭ്യമാക്കിയ 2015-16 വർഷത്തെ റിപ്പോർട്ട് ഫെബ്രുവരി മാസത്തിലും 2017-18 വർഷം വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ മാർച്ച് മാസത്തിനു മുമ്പായും 2020-21 വർഷം വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ ജൂൺ മാസത്തിനു മുമ്പായും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.</u>

## 8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

49. ഇന്ത്യൻ ഭരണഘടനയുടെ 315- ാം ആർട്ടിക്കിൾ പ്രകാരം സ്ഥാപിതമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, 320- (3) ാം ആർട്ടിക്കിൾ പ്രകാരം സിവിൽ സർവ്വീസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഗവൺമെന്റിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ 323-ാം ആർട്ടിക്കിൾ കമ്മീഷന്റെ വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും സഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നു.

" It shall be the duty of a State Commission to present annually to the Governor of the State a report as to the work done by the Commission, and it shall be the duty of a Joint Commission to present annually to the Governor of each of the States the needs of which are served by the Joint Commission a report as to the work done by the Commission in relation to that State, and in either case the Governor, shall, on receipt of such report, cause a copy thereof together with a memorandum explaining, as respects the cases, if any, where the advice of the Commission was not accepted, the reasons for such non acceptance to be laid before the Legislature of the State. "

50.വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ കാലതാമസം വരുന്നതെന്തു കൊണ്ടാണെന്നും കുടിശ്ശിക തീർത്ത് 2018-19 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് സഭയിൽ സമർപ്പിക്കാൻ സാധിക്കുമെന്നും സമിതി തെളിവെടുപ്പ് വേളയിൽ ആരാഞ്ഞതിന് 2018-19 മുതലുള്ള റിപ്പോർട്ട് സമർപ്പിക്കാനുണ്ടെന്നും ഇൻഫർമേഷൻ കമ്മീഷനിലെയും പി.എസ്.സി.-യിലെയും വിഷയം ഒന്നുതന്നെയാണെന്നും വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും കാലതാമസമുണ്ടാകാതെ അതത് വർഷം കൃത്യമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് എല്ലാ എച്ച്.ഒ.ഡി.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. കുടിശ്ശികയായ 2018-19 മുതലുള്ള പി.എസ്.സി-യുടെ വാർഷിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് സമിതി നിർദേശിക്കുന്നു.

51. പി.എസ്.സി-യുടെ ഉപദേശം സർക്കാർ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കിക്കൊണ്ടുള്ള മെമ്മോറാണ്ടം സഹിതമാണ് പി.എസ്.സി-യുടെ വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടത്. സഭയിൽ സമർപ്പിക്കേണ്ട പ്രസ്തുത വിശദീകരണ മെമ്മോറാണ്ടത്തിലുൾപ്പെടുത്തിയാണ് കാലതാമസപത്രിക ലഭ്യമാക്കുന്നതെന്ന് കണ്ടെത്തിയ സമിതി വിശദീകരണ മെമ്മോറാണ്ടത്തിനോടൊപ്പം കാലതാമസപത്രിക ഉൾപ്പെടുത്തുന്നതിന് പകരം കാലതാമസപത്രിക പ്രത്യേകം തന്നെ ലഭ്യമാക്കണമെന്നും അവ ധനകാര്യവകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ സർക്കുലർ പ്രകാരമുള്ള മാതൃകയിൽ ആയിരിക്കണമെന്നും നിർദേശിക്കുന്നു.

52. പൊതുഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ട കടലാസുകൾ എപ്രകാരം ലഭ്യമാക്കണമെന്നത് സംബന്ധിച്ച ചട്ടങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

53. സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ പുറം ചട്ടയിൽ വ്യത്യസ്ത രീതിയിലുള്ള രേഖപ്പെടുത്തലുകൾ നടത്തുന്നതായി സമിതി കണ്ടെത്തുകയും സഭയിൽ സമർപ്പിക്കേണ്ട രേഖകൾ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' ആണെന്നിരിക്കേ റിപ്പോർട്ടിന്റെ പുറംചട്ടയിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ മാത്രമേ നടത്താൻ പാടുള്ളൂവെന്നും വകുപ്പ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

54. വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും അപ്രകാരം അല്ലെങ്കിൽ അവ പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

55. കാലതാമസപത്രികകളിൽ "മേലിൽ ഇത്തരം കാലതാമസം വരുത്തുകയില്ല" എന്ന് സത്യവാങ്മൂലം നൽകിയിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീണ്ടും കാലതാമസം ഉണ്ടാകുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന കാലതാമസപത്രികകൾ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-II) പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി നിർദ്ദേശം നൽകുന്നു.

56. 'ഭരണപരമായ കാലതാമസമെന്ന' പരാമർശം ബഹുമാനപ്പെട്ട സ്പീക്കറുടെ 13-11-2019-ലെ റൂളിംഗിന് വിരുദ്ധമായതിനാൽ കാലതാമസത്തിനുള്ള കാരണമായി പ്രസ്തുത പരാമർശം രേഖപ്പെടുത്തരുതെന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വ്യക്തമായ കാരണം തന്നെ രേഖപ്പെടുത്തി കാലതാമസപത്രിക ലഭ്യമാക്കണമെന്നും സമിതി നിർദ്ദശിക്കുന്നു.

57. ഇ-നിയമസഭ നിലവിൽ വന്നതുകൊണ്ട് സഭയിൽ സമർപ്പിക്കുന്നതിനായി റിപ്പോർട്ടിന്റെ 150 കോപ്പി പ്രിന്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും രണ്ട് കോപ്പി ലഭ്യമാക്കിയാൽ മതിയെന്നും അതിനാൽ പ്രിന്റിംഗിനുള്ള കാലതാമസം ഒഴിവാക്കണമെന്നും 'അച്ചടിച്ചുകിട്ടാൻ വൈകിയെന്ന' സ്ഥിരം വാചകം കാലതാമസപത്രികകളിൽ ഇനി രേഖപ്പെടുത്തരുതെന്നും സമിതി നിർദേശിക്കുന്നു.

58. വകുപ്പിനു കീഴിൽ പുതുതായി ആരംഭിക്കുന്ന പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വിശദാംശം കാലാകാലങ്ങളിൽ സമിതിയെ അറിയിക്കുകയും അത്തരം സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ആധാരമായ

നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി) പ്രകാരം, വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

59. വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ബഹു. സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുകയും കാലതാമസം വരുത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം മാത്രമേ ഇനി മുതൽ നിയമസഭാ സെക്രട്ടേറിയറ്റിൽ സ്വീകരിക്കാൻ പാടുള്ളൂവെന്ന് 10-6-2021-ന് ബഹു. സ്പീക്കർ റൂൾ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ സഭയുടെ മേശപ്പുറത്തു വയ്ക്കാൻ പരാജയപ്പെടുന്ന പക്ഷം കാലതാമസപത്രിക സഹിതം മാത്രമേ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കാൻ പാടുള്ളൂവെന്ന് സമിതി നിർദേശിക്കുന്നു.

60. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ(പി.എ.സി.) വകുപ്പിന്റെ 12-3-2009-ലെ 20/2009/ധന. (അനുബന്ധം-III), 14-11-2008-ലെ 77/08/ധന. (അനുബന്ധം-IV), 8-10-2021-ലെ 89/2021/ധന. നമ്പർ (അനുബന്ധം-V) സർക്കുലർ നിർദ്ദേശങ്ങളും പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 15-12-2021-ലെ പാ.കാ.വ.ബി2/49/ 2021/ പാ.കാ.വ നമ്പർ (അനുബന്ധം-VI) സർക്കുലർ നിർദ്ദേശവും കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി.സി.വിഷ്ണുനാഥ്,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2022 മാർച്ച് 15, *മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*